ഈ രണ്ട് പരാതികളിലും കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അന്തിമ തീരുമാനമെടുത്തിട്ടില്ല.

(ജി) ഇപ്പോൾ കേരള സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതി ശേഷി 1800 മെഗാവാട്ടാണ്. മൈസൂർ-അരിക്കോട് 400 കെ.വി. ലൈൻ കമ്മീഷൻ ചെയ്യുന്നതോടെ അധികമായി 400 മെഗാവാട്ടും ഇടമൺ-കൊച്ചി 400 കെ.വി. ലൈൻ കമ്മീഷൻ ചെയ്യുന്നതോടെ അധികമായി 600 മെഗാവാട്ടും ഇറക്കുമതി ശേഷിയുണ്ടാകുന്നതാണ്. അതായത് രണ്ട് ലൈനുകളും പൂർത്തീകരിക്കുന്നതോടെ സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതി ശേഷി 1800 മെഗാവാട്ടിൽ നിന്ന് 2800 മെഗാവാട്ടായി ഉയരുന്നതാണ്. പ്രസ്തുത ലൈനുകളുടെ പണി പൂർത്തീകരിക്കുന്നതിന് തടസമായ നഷ്ടപരിഹാരത്തുക സംബന്ധിച്ചുള്ള തർക്കം തീർക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ സഹായം ആവശ്യപ്പെട്ടാണ് പവ്വർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷന് മുമ്പാകെ പരാതി സമർപ്പിച്ചിട്ടുള്ളത്.

വൈദ്യുതി മോഷണം തടയുന്നതിന് നടപടികൾ

26 (4017) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി മോഷണം തടയുന്നതിലേയ്ക്കായി പാലക്കാട് ജില്ലയിൽ 2014-ലിൽ നാളിതുവരെ എത്ര റെയ്ഡുകളാണ് നടത്തിയിട്ടുള്ളത്;

(ബി) ഇതിൽ എത്ര വൈദ്യുതി മോഷണ കേസുകളാണ് കണ്ടെത്തിയത്;

(സി) പ്രസ്തുത കേസുകളിൽ നിന്നും പിഴ ഇനത്തിൽ സർക്കാരിന് ലഭിച്ച തുക എത്ര;

(ഡി) കാർഷികാവശ്യത്തിനായുള്ള വൈദ്യുതി മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയതു തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ 2014-ൽ നാളിതുവരെ 6604 റെയ്ഡുകൾ നടത്തിയിട്ടുണ്ട്.

(ബി) ഇതിൽ 64 മോഷണ കേസുകൾ കണ്ടെത്തി.

(സി) വൈദ്യുതി ബോർഡ് പിഴ ഇനത്തിൽ 71.46 ലക്ഷം രൂപ ഈടാക്കി.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കാർഷിക കണക്ഷനുകൾ പരിശോധിക്കുകയും വൈദ്യുതി ദുരുപയോഗം തടയുന്നതിനുമായി ജനങ്ങൾക്കിടയിൽ ബോധവത്ക്കരണം നടത്തിവരികയും പരിശോധനയിൽ ദുരുപയോഗം കണ്ടെത്തിയവരിൽ നിന്നും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. . കാർഷികാവശ്യത്തിനുള്ള വൈദ്യുതി മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എ.പി.റ്റി. എസ്.-ന്റെ 13 സ്ക്വാഡുകൾ സംസ്ഥാനത്തുടനീളം നടത്തുന്ന പരിശോധനകളിൽ കാർഷികാവശ്യത്തിനുള്ള വൈദ്യുത കണക്ഷനുകൾ പരിശോധിക്കുന്നതിന് പ്രത്യേക മുൻഗണന നൽകുന്നുണ്ട്. കൂടാതെ ചില പ്രത്യേക മേഖലകൾ കേന്ദ്രീകരിച്ച് കാർഷിക കണക്ഷനുകൾ മാത്രമായി ഊർജ്ജിത പരിശോധനകളും നടത്തുന്നുണ്ട്. ഇതിനുപുറമേ എ.പി.റ്റി.എസ്.-ന്റെ മേധാവി കൂടിയായ ചീഫ് വിജിലൻസ് ഓഫീസർ പത്രമാധ്യമങ്ങളിലൂടെയും ദൃശ്യമാധ്യമങ്ങളിലൂടെയും ഇത്തരം കണക്ഷനുകൾ ദുരുപയോഗം നടത്തിയാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്ക്കരിക്കുന്നതിനു വേണ്ടി പ്രസ്താവനകൾ നടത്തുകയും ചെയ്യുവരുന്നു.

വൈദ്യുതി നിരക്ക് വർദ്ധന

27 (4018) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി നിരക്കിൽ എത്ര ശതമാനം വർദ്ധനവുണ്ടായി എന്ന് വിശദമാക്കുമോ ?

ഉത്തരം

2012 ജൂലൈ ഒന്നാം തീയതി മുതൽ 2013 മേയ് ഒന്നാം തീയതി മുതലും, 2014 ആഗസ്റ്റ് 16-ാം തീയതി മുതലും 'മൂന്ന് പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. ടി വർദ്ധനവുകൾ ശതമാനത്തിൽ പട്ടിക 1-ൽ കൊടുത്തിരിക്കുന്നു.*

വൈദ്യുതി ഉല്പാദനം

28 (4019) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജു :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതി ഉല്പാദനം എത്രയാണ്; ഇതിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഉല്പാദിപ്പിച്ച വൈദ്യുതിയുടെ അളവെത്ര ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly